"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി.ആമിന ഐ.എ.വൈ. പദ്ധതി പ്രകാരം നിർമ്മിച്ച ഭവനം നിലനിൽക്കുന്ന ഭൂമിയൊഴികെ ബാക്കിയുള്ള സ്ഥലം മകൻറെ പേരിൽ ഭാഗാധാരം ചെയ്യുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ ( ഡി ഡി ) വകുപ്പ് വകുപ്പ്**

**സ.ഉ.(സാധാ) നം.993/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/05/2021

---

പരാമർശം:- ഗ്രാമ വികസന കമ്മീഷണറുടെ 18.03.2021 ലെ 17097/എച്ച് & റ്റി4/2019/ സി ആർ ഡി നമ്പർ കത്ത്

**ഉത്തരവ്**

ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി അനുവദിച്ച തുകകൊണ്ട് ശ്രീമതി.ആമിന, കൈതക്കൽ വീട്, നീണ്ടൂർ, വടക്കേക്കര പി .ഒ - 683522, എറണാകുളം ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ഭൂമി 12 വർഷത്തേയേക്ക് കൈമാറ്റം ചെയ്യുകയില്ല എന്ന ഉടമ്പടി ചെയ്തിട്ടുള്ളതുമാണ്. ടിയാരിയുടെ മകന് സ്വന്തമായി സ്ഥലവും വീടും ഉണ്ടാവണമെന്ന ആഗ്രഹം കൊണ്ട് മകന് വീട് വയ്ക്കുന്നതിന് മേൽപ്പറഞ്ഞ കരാർ വ്യവസ്ഥകൾക്ക് ലംഘനമുണ്ടാകാതെ ശ്രീമതി.ആമിനയുടെ ഐ.എ.വൈ. ഭവനം നിലനിൽക്കുന്ന ഭൂമിയൊഴികെ ബാക്കിയുള്ള സ്ഥലം മകന്റെ പേരിൽ ഭാഗാധാരം ചെയ്യുന്നതിനുള്ള ശ്രീമതി.ആമിനയുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് പരാമർശം പ്രകാരം ഗ്രാമ വികസന കമ്മിഷണർ ശുപാർശ ചെയ്തിട്ടുണ്ട് .

2. സർക്കാർ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ചു. ഗ്രാമ വികസന കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീമതി.ആമിന ഐ.എ.വൈ. പദ്ധതി പ്രകാരം നിർമ്മിച്ച ഭവനം നിലനിൽക്കുന്ന ഭൂമിയൊഴികെ ബാക്കിയുള്ള സ്ഥലം, കരാർ വ്യവസ്ഥകൾക്ക് ലംഘനമുണ്ടാകാതെ മകന്റെ പേരിൽ ഭാഗാധാരം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ് :ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം

ശ്രീമതി.ആമിന, കൈതക്കൽ വീട്, നീണ്ടൂർ, വടക്കേക്കര പി .ഒ - 683522, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.05.12 14:23:37 IST
Reason: Approved
സെക്ഷൻ ഓഫീസർ